"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കിൽ പുളിമാത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 35-ൽ റീസർവ്വെ നമ്പർ 416/11 ൽപ്പെട്ട 35.30 ആർ ചിറപുറമ്പോക്ക് ഭൂമിയിൽനിന്നും 02.22 ആർ ഭൂമി തരിശിലേക്ക് ഇനം മാറ്റി ഭൂപതിവ് ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ച് ശ്രീമതി. സാവിത്രിക്ക് പതിച്ചു നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ ( യു ) വകുപ്പ്**

സ.ഉ.(കൈ) നം.86/2026/RD തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.95/2025/RD തീയതി 10-04-2025
2. പുളിമാത്ത് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.08.2022 ലെ 20/1 നമ്പർ തീരുമാനം.
3. ജില്ലാ കളക്ടറുടെ 04/06/2025 തീയതിയിലെ ബി2-73399/2017 നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മിഷണറുടെ 18-07-2025 ലെ LR/6188/2023-PM-2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ, പുളിമാത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 35-ൽ റീസർവ്വെ നമ്പർ 416/11 ൽ 35.30 ആർ ചിറ പുറമ്പോക്ക് ഭൂമിയിൽ നിന്നും 12.06 ആർ ഭൂമി തരിശിലേക്ക് ഇനം മാറ്റി ഭൂപതിവ് ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ച് 6 കൈവശക്കാർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ പതിച്ചു നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത ചിറ പുറമ്പോക്കിലെ, കൈവശക്കാരിയായ ശ്രീമതി.സാവിത്രിയ്ക്ക്, (പന്തപ്ലാവിള വീട്, ആറാംന്താനം) ടിയാളുടെ കൈവശമുള്ള 02.22 ആർ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതിന് ആക്ഷേപമില്ലെന്ന് പുളിമാത്ത് ഗ്രാമപഞ്ചായത്ത് കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചതായും, നിലവിൽ ഭൂരഹിതയും, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുമുള്ള അപേക്ഷകയ്ക്ക് ടിയാളുടെ കൈവശമുള്ള 02.22 ആർ ചിറപുറമ്പോക്ക് ഭൂമിയിൽ ചിറ നിലവില്ലാത്ത സാഹചര്യത്തിലും, ടി സർവേ നമ്പറിലെ ഭൂമിയിലെ അർഹരായ മറ്റു കൈവശക്കാർക്ക് ഭൂമി പതിച്ചു നൽകുന്നതിന് സർക്കാർ ഉത്തരവായിരുന്നതിനാലും, പുളിമാത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 35-ൽ റീസർവേ 416/11-ൽ ഉൾപ്പെട്ട 35.30 ആർ ചിറ പുറമ്പോക്ക് ഭൂമിയിൽ നിന്നും 02.22 ആർ ഭൂമി അർഹത പരിശോധിച്ച്, പതിച്ചു നൽകുന്ന വിഷയം പരിഗണിക്കാവുന്നതാണ് എന്ന് പരാമർശം (3)&(4) പ്രകാരം ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ റിപ്പോർട്ട്, ലാൻഡ് റവന്യൂ കമ്മീഷണറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ, പുളിമാത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 35-ൽ റീസർവ്വെ നമ്പർ 416/11 ൽപ്പെട്ട 35.30 ആർ ചിറ പുറമ്പോക്ക് ഭൂമിയിൽ നിന്നും 02.22 ആർ ഭൂമി തരിശിലേക്ക് ഇനം മാറ്റി, ഭൂപതിവ് ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ച് ശ്രീമതി.സാവിത്രി, പന്തപ്ലാവിള വീട്, ആറാംന്താനം എന്നവർക്ക് പതിച്ചു നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ടി ഭൂമി പതിച്ചു നൽകുന്നതിനുള്ള നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഈ), കേരള, തിരുവനന്തപുരം
ശ്രീമതി.സാവിത്രി, പന്തപ്ലാവിള വീട്, ആറാംന്താനം
സെക്രട്ടറി, പുളിമാത്ത് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 20-02-2026 17:18:17

പകർപ്പ് :- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി എ